# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 04/09/2015

**(19 DHUL QADDAH 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## Let the Satan have no part of you ! /
## സാത്താന് നിങ്ങളിൽ ഒരു സ്വാധീനവും ഉണ്ടാവാതിരിക്കട്ടെ !

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം പറഞ്ഞു.

هَٰذَا بَصَائِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِّقَوْمٍ يُوقِنُونَ ۝ أَمْ حَسِبَ الَّذِينَ اجْتَرَحُوا السَّيِّئَاتِ أَن
نَّجْعَلَهُمْ كَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَوَاءً مَّحْيَاهُمْ وَمَمَاتُهُمْ سَاءَ مَا يَحْكُمُونَ ۝
وَخَلَقَ اللَّهُ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ وَلِتُجْزَىٰ كُلُّ نَفْسٍ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ ۝

ഇത് (ഈ ഗ്രന്ഥം) മനുഷ്യകുലത്തിന് സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതും ദൃഢ വിശ്വാസത്തെ കൈക്കൊള്ളുന്ന ജനങ്ങൾക്ക് ഒരു മാർഗ്ഗദർശകവും അനുഗ്രഹവുമാകുന്നു. എന്ത്? ദുഷ്കർമ്മങ്ങൾ പ്രവർത്തിച്ചവരെ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ പോലെ- അവരുടെ ജീവിതവും മരണവും തുല്യമായ നിലയിൽ നാം ആക്കുമെന്ന് അവർ ധരിച്ചു വച്ചിട്ടുണ്ടോ? അവർ വിധിക്കുന്നത് വളരെ ചീത്തയായതു തന്നെ. അല്ലാഹു ആകാശങ്ങളെയും ഭൂമിയേയും ന്യായ യുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. തൽഫലമായി ഓരോ ആൾക്കും അയാൾ സമ്പാദിച്ചതനുസരിച്ച് പ്രതിഫലം നൽകപ്പെടുന്നതാണ്. അവരോട് അനീതി കാണിക്കപ്പെടുകയുമില്ല.(45:21- 23)

കഴിഞ്ഞ ആഴ്ച ഓതിയ അധ്യായം 45:21- 23 വചനങ്ങൾ തന്നെയാണിത്. കഴിഞ്ഞ ആഴ്ച നൽകിയ വിശദീകരണം പൂർത്തിയായിട്ടില്ല. ആയതിനാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മൂന്നു വചനങ്ങളുടെ വിശദീകരണങ്ങൾ തുടരുകയാണ്. അങ്ങനെ, അല്ലാഹുവിന്റെ ക്രോധം ഭൂമിയിലേക്കിറങ്ങുന്നു. തങ്ങളുടെ തെറ്റുകളിൽ നിന്നും സമ്പൂർണ്ണ പശ്ചാത്താപത്തോടെ അല്ലാഹുവിന്റെ അഭയത്തിലേക്ക് വരുന്നവർ, അവർ മാത്രമാണ് രക്ഷപ്പെടുന്നത്. ദൈവീക ശിക്ഷയിൽ നിന്നും! തീർച്ചയായും നന്മ പ്രവർത്തിക്കുന്നവരുടെ ജീവിതവും മരണവും ഒരിക്കലും തിന്മ പ്രവർത്തിക്കുന്നവരുടെ ജീവിതവും മരണവും പോലായിരിക്കുകയില്ല. നിങ്ങൾ അല്ലാഹുവിന്റെ അഭയത്തിലേക്ക് വരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ആത്മാർത്ഥമായി തൗബ ചെയ്യണം. കഴിഞ്ഞു പോയതും ചെയ്തുകൊണ്ടിരിക്കുന്നതുമായ എല്ലാ തെറ്റുകളിൽ നിന്നും പിൻതിരിഞ്ഞ് നിങ്ങൾ അല്ലാഹുവിന്റെ അഭയത്തിൽ പ്രവേശിക്കണം. നിങ്ങൾ ഇത് ചെയ്യുകയാണെങ്കിൽ അല്ലാഹു (ത) നിങ്ങളിൽ അത്തരം നല്ല ഗുണങ്ങൾ സൃഷ്ടിക്കുന്നതാണ്. അപ്പോൾ ജനങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ കഴിയുന്നതാണ്, അതായത് നിങ്ങളും അവരും തമ്മിൽ വ്യക്തമായ വേർതിരിവ് ഉണ്ട് എന്ന് ! അപ്പോൾ ഈ വിഷയത്തിൽ ഒരു ചർച്ചയുടെയോ വിവാദത്തിന്റെയോ ആവശ്യമില്ല എന്ന് ബോധ്യമാകുന്നതാണ് ! ഓരോരുത്തർക്കും വ്യത്യാസം വ്യക്തമായി മനസ്സിലാകുന്നതാണ്. വിശിഷ്യാ അത് യഥാർത്ഥത്തിൽ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ! ഇപ്പോൾ, അവർ ഈ വ്യത്യാസം എങ്ങനെയാണ് കണ്ടെത്തുന്നത് ? ഇത്തരം ആളുകൾക്ക് അല്ലാഹു തയ്യാറാക്കി വച്ചിരിക്കുന്ന ചികിത്സ എന്താണ് ?

അത്തരം ഉറച്ച ഈമാൻ ഉള്ളവരിലേക്ക് സാത്താൻ സമീപിക്കുക പോലുമില്ല. അവർ അല്ലാഹുവിനെ അനുസരിക്കുന്നതിൽ വളരെയധികം ശ്രദ്ധാലുക്കളാണ് ! അപ്പോൾ ഈ പോരാട്ടം എല്ലാ ദിവസവും നാം സാത്താനുമായി നടത്തേണ്ടി വരും. അല്ലാഹുവിന്റെ അഭയത്തിൽ നാം പൂർണ്ണമായും എത്തുന്നതുവരെ ഈ പോരാട്ടം അവസാനിക്കുകയില്ല. ഈ ദൈവീക അഭയം ഒരു വ്യക്തിക്ക് കിട്ടി കഴിഞ്ഞാൽ, അത്തരം വ്യക്തിയിൽ സാത്താൻ സമീപിക്കുകയില്ല, കാരണം അല്ലാഹുവിന്റെ അഭയത്തിൽ അവന് പ്രവേശനമില്ല! സാത്താൻ പോകുന്നത്, അവന് സ്ഥാനം ലഭിക്കുന്നിടത്താണ് ! അവന് അവിടെ തന്റെ കാലുറപ്പിക്കുവാൻ കഴിയുന്നതാണ്. എല്ലാ തെറ്റുകുറ്റങ്ങളിൽ നിന്നും പശ്ചാത്തപിച്ചു മടങ്ങുക എന്ന് ഞാൻ പറയുമ്പോൾ അർത്ഥമാക്കുന്നത്, നിങ്ങൾ സാത്താന് പ്രവേശിക്കുവാനുള്ള ഒരിടവും ഒഴിച്ചിടരുത് എന്നാണ്. അവന് ഒരിടവും കൊടുക്കരുത്, കാരണം സാത്താന് കാലു ചവിട്ടുവാൻ ഒരിടം കിട്ടിയാൽ, അപ്പോൾ അവൻ ആ സമയത്ത് തന്നെ, അവന്റെ വൃത്തികെട്ട പാദം ഉറപ്പിക്കുവാൻ ശ്രമിക്കുകയും, അങ്ങനെ അവൻ മെല്ലെ മെല്ലെ ആസ്ഥലം കീഴ്പ്പെടുത്തുകയും ചെയ്യുന്നതാണ്.

കാര്യം പെട്ടെന്ന് മനസ്സിലാക്കുവാൻ, മുമ്പ് ഞാൻ കേട്ടിട്ടുള്ള കഥ പറയാം (ഒരിക്കൽ ഞാനിത് പറഞ്ഞിട്ടുള്ളതാണ്) ഇന്നത്തെ വിഷയവുമായി ഇതിനൊരു ബന്ധമുണ്ട് ! ഒരിക്കൽ ഒരു ഗ്രാമീണ അറബി ഒരു കൂടാരമുണ്ടാക്കി അവൻ അതിനകത്തിരുന്നു. രാത്രിയായി പുറത്ത് അതി ശൈത്യമായിരുന്നു. അപ്പോൾ അവന്റെ ഒട്ടകം, അവന്റെ തല കൂടാരത്തിനുള്ളിലേക്ക് നീട്ടി. എന്നിട്ട് ആ ഗ്രാമീണ അറബിയോട് പറഞ്ഞു പുറത്ത് അതിശൈത്യമാണ് ! അതുകൊണ്ട് എന്റെ തല കൂടാരത്തിനുള്ളിൽ വയ്ക്കുവാനുള്ള അനുവാദം തന്നാലും. അങ്ങനെ ഒട്ടകത്തിന്റെ തല കൂടാരത്തിനുള്ളിലായി, എന്റെ തലയോട് ചേർന്നിരിക്കുകയാണല്ലോ കഴുത്ത്, എന്റെ കഴുത്ത് കൂടി അകത്തേക്ക് പ്രവേശിപ്പിക്കുവാൻ അനുവദിച്ചാലും ! അങ്ങനെ ക്രമേണ ഒട്ടകം അതിലെ കൂടാരത്തിലെ സുഖമുള്ള ചൂടുമൂലം തന്റെ ശരീരം മുഴുവൻ കൂടാരത്തിനുള്ളിലായി അപ്പോൾ പിന്നെ മുൻകാലുകളും കൂടാരത്തിനുള്ളിൽ ആയപ്പോൾ ഒട്ടകം അറബിയോട് പറഞ്ഞു. നിങ്ങൾ കൂടാരത്തിൽ കൂടുതൽ സ്ഥലം ഉപയോഗിക്കുകയാണ്, എന്റെ പിൻകാലുകൾ കൂടി കൂടാരത്തിൽ പ്രവേശിപ്പിക്കുന്നതിന്, നിങ്ങൾ ഈ കൂടാരം വിട്ട് പുറത്തു പോവുക!

ദുഷ്ട ലാക്കുള്ളവർ ഇടം കണ്ടെത്തുന്നതിങ്ങനെയാണ് ! നിങ്ങൾ സാത്താന് ഒരിടം കൊടുത്താൽ, ആ അവസരം അവൻ മുതലാക്കി അതിൽ പ്രവേശിക്കുന്നു, പിന്നെ അവൻ നിങ്ങളെ വിടില്ല ! ഇങ്ങനെയാണ് സാത്താൻ ആക്രമിക്കുന്നത്. തെറ്റുകുറ്റങ്ങളിൽ വ്യാപൃതരായിരിക്കുന്നവരാണെങ്കിൽ, മനശാസ്ത്രപരമായി, അത് അവരിൽ നിഴലിക്കുന്നതാണ്. ആയതിനാൽ അവർ തെറ്റു ചെയ്യുകയാണെങ്കിൽ അവർ ചെയ്ത ആ തെറ്റിനെ, തെറ്റായി അവർ കണക്കാക്കുന്നില്ല. (മറിച്ച് നിസാരമായ നിരുപദ്രവകരമായ ഒരു കാര്യം) യഥാർത്ഥത്തിൽ പൊട്ടിത്തെറിക്കുന്ന വസ്തുവിനാണ് അവർ കാഞ്ചി വലിച്ചത്. അത് കൂടുതൽ വേദന ഉണ്ടാക്കുന്നതും അവസാനിക്കാത്തതുമാണ്. തെറ്റ് അൽപാൽപം ചെയ്യുമ്പോൾ അത് അവസാനിപ്പിക്കുവാൻ പ്രയാസമായ നിലയിൽ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതാണ്.

ലഹരി മരുന്നുകൾക്ക് അടിമയായി തീർന്ന അനേകരെ നാം ഇന്ന് ലോകത്ത് കാണുന്നു. ഞാൻ വിശദീകരിച്ച ഇതേ തത്വമാണ് അവർ ഈ ലഹരി മരുന്നുകൾക്കടിമയായി തീരുവാനുള്ള കാരണം. കോളേജ് കുട്ടികളെയും, സ്കൂൾ കുട്ടികളെയും അധാർമ്മികതയിൽ അകപ്പെടുത്തുവാൻ ശ്രമിക്കുന്ന പിടിച്ചു പറിക്കാരും കൊള്ളക്കാരുമായ അനേകം കുറ്റവാളികൾ സമൂഹത്തിൽ ഉണ്ട്. കുട്ടികളെ ഇവ രുചിച്ചു നോക്കുവാൻ അവർ പ്രേരിപ്പിക്കുന്നു. അങ്ങനെ അവർ അത് രുചിച്ചു നോക്കുകയും തുടർന്ന് അവർ അവയുടെ അടിമകളായി തീരുകയും ചെയ്യുന്നു. ഒന്നിൽ തുടങ്ങി മറ്റു പലതിലേക്കും അവരെ ഈ സാമൂഹ്യ ദ്രോഹികൾ കൊണ്ടെത്തിക്കുന്നു. അങ്ങനെ പലവിധ ലഹരികൾക്കടിമകളായി തീരുന്നു. അങ്ങനെ കുറെശ്ശെ കുറെശ്ശയായി സത്താൻ അവന്റെ പ്രവർത്തി തുടരുന്നു. അങ്ങനെ അവന് ഇടം കിട്ടുന്നു. തെറ്റുകൾ ചെയ്യുന്നവർ, തെറ്റുകളിൽ ആണ്ട് കിടക്കുന്നവർ, അവർ അവശ്യം ചെയ്യേണ്ട ദുആ ആണിത്. **“ ഞങ്ങളുടെ നാഥാ”** ഞങ്ങളുടെ ആത്മാക്കളോട് ഞങ്ങൾ തെറ്റു ചെയ്തു പോയി! നീ ഞങ്ങൾക്ക് പൊറുത്തു തരുകയും,

നിന്റെ കാരുണ്യം ഞങ്ങളിൽ ചൊരിയുകയും ചെയ്തില്ലെങ്കിൽ, നിശ്ചയമായും ഞങ്ങൾ നഷ്ടകാരികളായി പോകും. (7:24) നമ്മുടെ പാപങ്ങളിൽ നിന്ന് നാം പശ്ചാത്തപിച്ചുമടങ്ങണം. എന്നിട്ട് അല്ലാഹുവിന്റെ അഭയത്തിൽ നാം വരണം എന്നു ഞാൻ പറയുമ്പോൾ, ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ ദു ആ ഇല്ലാതെ സാധ്യമല്ല. സാത്താനെതിരിലുള്ള ഈ പോരാട്ട ചികിത്സ ഈ ദുആ യോട് കൂടിയാണ് ആരംഭിക്കുന്നത്! ഈ ദുആ അല്ലാഹു (ത) താൻ നേരിട്ട് ആദം (അ) ന് പ്രാരംഭത്തിൽ തന്നെ പഠിപ്പിച്ചതാണ്. തിന്മയ്ക്കെതിരായുള്ള പോരാട്ടത്തിനായി.

നിങ്ങൾ മനസ്സിലാക്കണം അല്ലാഹു (ത) യുടെ മതത്തിന് പിൻതാങ്ങൽ നൽകുവാനുള്ള പ്രയത്നാരംഭത്തിൽ തന്നെ, ആ നിമിഷം മുതൽ, നിങ്ങളുടെ ഓരോ തടസ്സങ്ങളും അല്ലാഹു നീക്കം ചെയ്യുന്നതാണ്! നിങ്ങൾ വിജയിക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ മനുഷ്യനും സാത്താനും തമ്മിലുള്ള ഈ യുദ്ധം ഹസ്രത് ആദം (അ) ന്റെ കാലംമുതൽ തന്നെ ആരംഭിച്ചു കഴിഞ്ഞു. യഥാർത്ഥത്തിൽ അതുപോലെ തന്നെ തുടരുകയാണ്. ഈ ദുആയിലൂടെ ഹസ്രത് ആദം (അ) വിജയശ്രീലാളിതനായി) ഈ ദുആ അല്ലാഹു (ത) താൻ തന്നെ പഠിപ്പിച്ചതുമാണ്.

ആയതിനാൽ ഇന്നും സാത്താനെതിരിലുള്ള യുദ്ധം നടക്കുന്ന ഈ നൂറ്റാണ്ടിലും ഓരോ വ്യക്തിയും ഈ വചനത്തിന്റെ (ദു ആ യുടെ) സംരക്ഷണയിൻ കീഴിൽ വരേണ്ടതു തന്നെയാണ്. ഒരു വ്യക്തി ഈ ദുആ തന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും ചെയ്യാത്തടത്തോളം കാലം, സാത്താനെ പരിപൂർണ്ണമായും കീഴ്പ്പെടുത്തുവാനുള്ള അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതല്ല! ഓർക്കുക ! അല്ലാഹുവിനെ അനുസരിക്കുവാനുള്ള നിങ്ങളുടെ പ്രയത്നം തുടരുകയാണെങ്കിൽ, ഇസ്ലാം മതത്തെ പിൻതാങ്ങുവാനുള്ള പ്രയത്നം നിങ്ങൾ ചെയ്യുകയാണെങ്കിൽ, അല്ലാഹു (ത) നിങ്ങളുടെ എല്ലാ തടസ്സങ്ങളെയും നീക്കം ചെയ്യുന്നതാണ്. ഇപ്പോൾ, അല്ലാഹുവിന്റെ മതത്തിന് ഒരു സഹായിയായിത്തീരുക, അല്ലെങ്കിൽ അതിനെ പിൻതാങ്ങുന്നവനായി തീരുക എന്നത് നിസ്സാരമായ ഒരു കാര്യമല്ല. എല്ലാത്തിനും ഉപരിയായി, നിങ്ങളുടെ ആന്തരിക സത്ത പരിപൂർണ്ണമായും പരിശുദ്ധി ആർജ്ജിക്കേണ്ടതുണ്ട്; അപ്പോൾ കഴിവും ശക്തിയും അല്ലാഹുവിൽ നിന്ന് നിങ്ങൾ സ്വീകരിക്കുവാനുള്ള അവസ്ഥയിലായി തീരുകയും, നിങ്ങളുടെ ഉള്ളിലും പുറമെയുള്ള ഈ സാത്താൻമാരെ മറികടക്കുവാനുള്ള പ്രാപ്തിയിലെത്തുകയും ചെയ്യുന്നതാണ്. ഇത് നിങ്ങൾ നേടുന്നത് നിങ്ങൾ നടത്തുന്ന ഈ വലിയ ജിഹാദിലൂടെയാണ്! ഈ വലിയ ജിഹാദിലൂടെ, നിങ്ങളിലുള്ള ഞാനെന്ന ഭാവത്തെ ഇല്ലായ്മ ചെയ്യുന്നു, നിങ്ങളുടെ നഫ്സിന്റെ ഇച്ഛകളെയും ഹനിക്കുന്നു. അങ്ങനെ നിങ്ങൾ അല്ലാഹുവിന്റെ മതത്തിന് ഒരു വലിയ സഹായിയായി തീരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ സാത്താനെതിരിൽ നിങ്ങൾ നടത്തുന്ന ഈ യുദ്ധം, നിങ്ങൾ സമ്പൂർണ്ണ പരിശുദ്ധനായി തീരാനുള്ള ഒരു വഴിയാണ്. അല്ലാഹുവിന്റെ ദീനിനെ പിന്താങ്ങുന്നവനായി തീരുവാൻ ആർക്കെങ്കിലും ഹൃദയത്തിൽ ഒരാഗ്രഹം ഉണ്ടെങ്കിൽ അവന്റെ അവസ്ഥ എന്തു തന്നെയായാലും, അവന്റെ സാഹചര്യം എന്ത് തന്നെയായാലും, എല്ലാവിധ ദൗർബല്യങ്ങളും ഉള്ളതിനോടൊപ്പം തന്നെ, കുറേ തെറ്റുകുറ്റങ്ങളൊക്കെ ചെയ്തു പോയിട്ടുണ്ടെങ്കിലും, അവന് യഥാർത്ഥത്തിൽ, ദീനിനോട് സ്നേഹവും ആത്മാർത്ഥതയും ഉണ്ടെങ്കിൽ, അവനൊരു ഒഴിവുകഴിവും പറയാൻ പാടില്ല. അവൻ ഒരിക്കലും പറയരുത് **" ഞാനിപ്പോൾ എവിടെയാണ് ? എന്നെപ്പോലുള്ള ഒരാൾ എങ്ങനെയാണ് അല്ലാഹുവിന്റെ ദീനിനെ സഹായിക്കുവാൻ മുന്നോട്ടു വരാൻ കഴിയുക! മറിച്ച് അവൻ ആത്മാർത്ഥതയുള്ളവനാണെങ്കിൽ, അവൻ അല്ലാഹുവിന്റെ മുമ്പിൽ കീഴടങ്ങേണ്ടതാണ്. അവനെ പൂർണ്ണമായും അല്ലാഹുവിന് സമർപ്പിച്ചിട്ട് അവൻ ഇപ്രകാരം പറയേണ്ടതാണ് !"** എന്റെ രക്ഷിതാവേ ! എനിക്കുള്ളതെല്ലാം, എന്റെ ധനവും മറ്റുള്ളതെല്ലാം നിന്റെ മുമ്പിൽ ഞാൻ കാഴ്ചവയ്ക്കുന്നു. ഇപ്പോൾ, ഇനി, നീയാണ് ഇതിൽ നിന്റെ അനുഗ്രഹങ്ങൾ നിറക്കേണ്ടത് ! ഇതിലൂടെ നിന്റെ മതത്തിന്റെ പ്രവർത്തനങ്ങൾ വളരണം! നീ എന്നെ സഹായിച്ചാലും! അപ്പോൾ എനിക്ക് ഇതിലും കൂടുതൽ ചിലവഴിക്കുവാൻ കഴിയുന്നതാണ്. നിന്റെ അനുഗ്രഹത്താലും സഹായത്താലും, എനിക്ക് ചെയ്യാനൊക്കുന്നതു ഞാൻ ചെയ്തു. കാരണം ഇത് എന്റെ ഉത്തരവാദിത്വമാണ്. നീ നൽകിയത് നിന്റെ മാർഗ്ഗ

ത്തിൽ ചെലവഴിക്കുക എന്നത് ! ദാരിദ്രത്തെക്കുറിച്ച് എനിക്ക് അശേഷം ഭയമില്ല; കാരണം എനിക്കറിയാം നീ എന്നെ ഒരിക്കലും കൈവിടുകയില്ല എന്ന് ! എന്നെയും എന്റെ ധനത്തേയും ഞാൻ നിന്റെ വഴിയിൽ അർപ്പി ച്ചിരിക്കുന്നു. ഇത്തരം ആളുകളെ അല്ലാഹു (ത) നിശ്ചയമായും സഹായിക്കുന്നതാണ്. അല്ലാഹുവിനെ അനു സരിക്കുന്നതിൽ നിങ്ങൾ പ്രയത്നിച്ചാൽ, അല്ലാഹുവിന്റെ ദീനിന് നിങ്ങളൊരു സഹായിയായി തീർന്നാൽ, നിങ്ങളുടെ മുൻപിലുള്ള എല്ലാ തടസ്സങ്ങളെയും അല്ലാഹു നീക്കം ചെയ്യുന്നതാണ്. നിങ്ങളുടെ മുൻപിൽ നിന്ന ആ തടസ്സങ്ങൾ, നിങ്ങൾ സ്വയം സൃഷ്ടിച്ചത് തന്നെയായിരുന്നു. അവ നിങ്ങൾ അല്ലാഹുവിനെ സമീപി ക്കുന്നതിൽ നിന്നും നിങ്ങളെ തടഞ്ഞുകൊണ്ടിരുന്നു. ആ എല്ലാ തടസങ്ങളും അല്ലാഹു (ത) നീക്കം ചെയ്യു ന്നതാണ്. അപ്പോൾ ആ സമയത്ത് നിങ്ങൾ വിജയിക്കും. ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ട് ? കാരണം, ആ സമയം മുതൽ നിങ്ങൾ അല്ലാഹുവിന്റെ തോട്ടത്തിൽ ആയി തീരുന്നു. എപ്പോഴൊക്കെ നിങ്ങൾ അല്ലാഹു വിന്റെ ദീനിന് സേവനം ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുന്നുവോ, അപ്പോഴൊക്കെ നിങ്ങൾ അല്ലാഹുവിന്റെ തോട്ടത്തിലെ പരിശുദ്ധ വൃക്ഷങ്ങളുടെ ഭാഗമായി തീരുന്നു. നിങ്ങളുടെ ചുറ്റുമുണ്ടായിരുന്ന മുള്ളുകൾ ഒക്കെ, നിങ്ങളെ അധാർമ്മികതയിലേക്കും ആരോഗ്യ ഹാനിയിലേക്കുമാണ് വലിച്ചുകൊണ്ടിരുന്നത്, നിങ്ങളുടെ വിജ യപാതയിൽ തടസ്സങ്ങൾ ആയിരുന്നു അവകൾ. അല്ലാഹുവിന്റെ കണ്ണുകളിൽ ഉണ്ടായിരുന്ന അത്തരം വിജ യങ്ങൾ, നിങ്ങൾ നേടേണ്ടതുണ്ടായിരുന്നു. നിങ്ങൾ അതിൽ വിജയിക്കുവാൻ കഴിവുള്ളവരായിരുന്നു. അപ്പോ ഴാണ് ഈ മുള്ളുകൾ തടസ്സങ്ങളായി വന്നത്. ഈ വിജയങ്ങൾ നേടുന്നതിന് ഈ മുള്ളുകൾ തടസ്സങ്ങളായി! എന്നാൽ അല്ലാഹുവിന്റെ മതത്തിന് നിങ്ങളൊരു സഹായി ആയി തീർന്നപ്പോൾ, അപ്പോൾ മുതൽ അല്ലാഹു, എല്ലാ നല്ലവരായ ആളുകൾക്കും നൽകിയ അതേ ചികിത്സ, അവൻ നിങ്ങൾക്കും നൽകി. നിങ്ങൾക്കുണ്ടായി രുന്ന തടസ്സങ്ങൾ അവൻ നീക്കി! അങ്ങനെ നിങ്ങൾ അല്ലാഹുവിന്റെ സംരക്ഷണയിലുള്ള ആളായി തീർന്നു. നിങ്ങളിലുള്ള എല്ലാ തിന്മകളെയും അവൻ നീക്കം ചെയ്യുകയും നിങ്ങളിൽ നിന്ന് അത് പുറത്താക്കുകയും ചെയ്തു. തിന്മകൾ, നിങ്ങളുടെ ഉള്ളിലുണ്ടായിരുന്ന തിന്മകൾ, നിങ്ങളുടെ നല്ല പ്രവർത്തനങ്ങളെ തിന്നു കയും കുടിക്കുകയും ചെയ്തു കൊണ്ടിരുന്ന തിന്മകൾ, അവയെ നിങ്ങളിൽ നിന്നും ഉന്മൂല നാശം വരുത്തി, പുറത്തു കളയുന്നത് അല്ലാഹു തന്റെ ഉത്തര വാദിത്തമായി കണ്ടു.

അങ്ങനെ, അല്ലാഹു (ത) ഒരു മനുഷ്യനിൽ അത്തരം ചികിത്സ ചെയ്താൽ, അപ്പോൾ അവൻ ഒരു മനോഹരമായ ചെടിയായി മാറുന്നു. അത് പുഷ്പിക്കുന്നു; നല്ല പ്രവർത്തി ചെയ്യുന്ന ഒരു ചെടി ! ആ ചെടി ഫലങ്ങൾ പ്രദാനം ചെയ്യുന്നു; അതിനെ അല്ലാഹു സംരക്ഷിക്കുന്നു. കാത്തു സൂക്ഷിക്കുന്നു. എല്ലാ വിധ അപടകടങ്ങളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും !

എന്റെ ഈ വിഷയത്തിലുള്ള പ്രസംഗം ഇവിടെ അവസാനിക്കുന്നില്ല! ഇൻശാ അല്ലാഹ് അടുത്ത വെള്ളിയാഴ്ച തുടരുന്നതാണ് ! നിങ്ങൾക്ക് കാര്യങ്ങൾ നല്ല നിലയിൽ മനസ്സിലാകത്തക്ക നിലയിലുള്ള ഉപ ദേശം നൽകുവാനുള്ള തൗഫീഖ് എനിക്ക് നൽകുമാറാകട്ടെ ! അങ്ങനെയായാൽ നിങ്ങൾക്കത് പ്രവർത്തി പഥത്തിൽ കൊണ്ടു വരുവാൻ സാധിക്കുന്നതാണ് ! അങ്ങനെ അല്ലാഹു (ത) യുടെ തൃപ്തി ആർജ്ജിക്കു വാൻ സാധിക്കുന്നതാണ് ! ഇൻശാ അല്ലാഹ് ! ആമീൻ !


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223 / 8547299180*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************